"ഭരണഭാഷ- മാതൃഭാഷ"

കേരള സർക്കാർ

പൊ.ഭ.വ. പൊതുഭരണ(ഹൗസ് കീപ്പിംഗ് സെൽ- എ) വകുപ്പ്

നമ്പർ.എച്ച്.കെ.സി-എ2/68/2026-

25-07-2026,തിരുവനന്തപുരം

## ക്വട്ടേഷൻ നോട്ടീസ്

1) ഗവൺമെന്റ് സെക്രട്ടേറിയറ്റ് പ്രധാന വളപ്പ്, അനക്സ്-1, അനക്സ്-2 എന്നിവിടങ്ങളിലേക്ക് ഫർണിച്ചർ, ഫോട്ടോകോപ്പിയർ, ഇലക്ട്രോണിക് ഉപകരണങ്ങൾ, മറ്റു സാധന-സാമഗ്രികൾ എന്നിവ കൊണ്ടുപോകുക, തുടങ്ങിയ ആവശ്യങ്ങൾക്കായി ചുരിങ്ങിയത് 2 ടൺ ഭാരം വഹിക്കുന്നതും, ശരാശരി 150 ക്യൂബിക് ഫീറ്റ് ഉള്ള് അളവുള്ളതും, സാധന സാമഗ്രികൾ എളുപ്പത്തിൽ കയറ്റുന്നതിന് അനുയോജ്യമായ താഴ്ന്ന ഷാസിയോടു കൂടിയതും, മേൽക്കൂരയുള്ളതുമായ വാഹനം കരാർ വ്യവസ്ഥയിൽ ലഭ്യമാക്കുന്നതിന് മുദ്ര വെച്ച ക്വട്ടേഷനുകൾ ക്ഷണിയ്ക്കുന്നു.

2) ഡ്രൈവറുടെ വേതനവും ഇന്ധന ചെലവും വാഹനയുടമ വഹിക്കേണ്ടതാണ്. പ്രവർത്തി ദിനങ്ങളിൽ രാവിലെ 8:30 മുതൽ വൈകുന്നേരം 5:30 വരെയും അടിയന്തര സാഹചര്യങ്ങളിൽ അവധി ദിനങ്ങളിലും വാഹനം സെക്രട്ടേറിയറ്റ് വളപ്പിൽ ലഭ്യമായിരിക്കണം. പ്രതിമാസത്തേയ്ക്കുള്ള (പരമാവധി 700 km) കരാർ നിരക്കാണ് ക്വാട്ട് ചെയ്യേണ്ടത്.

3) ക്വട്ടേഷനുകൾ 06/08/2026 -ന് ഉച്ച കഴിഞ്ഞ് 3:00 മണിയ്ക്കകം പൊതുഭരണ (ഹൗസ് കീപ്പിംഗ്) വകുപ്പ് അണ്ടർ സെക്രട്ടറിയ്ക്ക് ലഭ്യമാക്കേണ്ടതാണ്. ലഭിക്കുന്ന ക്വട്ടേഷനുകൾ അന്നേ ദിവസം വൈകിട്ട് 4:00 മണിയ്ക്ക് ക്വട്ടേഷൻ സമർപ്പിച്ചവരുടെയോ അവരുടെ പ്രതിനിധികളുടെയോ സാന്നിദ്ധ്യത്തിൽ തുറന്ന് പരിശോധിക്കുന്നതാണ്. ക്വട്ടേഷൻ സമർപ്പിക്കുന്നവരുടെ തിരിച്ചറിയൽ രേഖയുടെ (ആധാർ കാർഡ്/വോട്ടേഴ്സ്ഐ.ഡി/ഡ്രൈവിംഗ് ലൈസൻസ്) പകർപ്പ്

നിർബന്ധമായും മുദ്ര വെച്ച ക്വട്ടേഷനൊപ്പം സമർപ്പിക്കേണ്ടതാണ്. കൂടുതൽ വിവരങ്ങൾക്ക് **05/08/2026** മുൻപുള്ള ഏതെങ്കിലും പ്രവൃത്തി ദിവസത്തിൽ പൊതുഭരണ (ഹൗസ് കീപ്പിംഗ് സെൽ-എ) വകുപ്പുമായി ബന്ധപ്പെടാവുന്നതാണ്. **(ഫോൺ- 0471-251 8001)**

സീന.എ.എൻ

അഡിഷണൽ സെക്രട്ടറി

ഗവൺമെന്റ് സെക്രട്ടേറിയറ്റിലെ എല്ലാ നോട്ടീസ് ബോർഡിലേയ്ക്കും.

ഇൻഫർമേഷൻ&പബ്ലിക് റിലേഷൻസ് വകുപ്പ് (വെബ് സൈറ്റിൽ പ്രസിദ്ധീകരിക്കുന്നതിനായി).

കരുതൽ ശേഖരം.

അംഗീകാരത്തോടെ

സെക്ഷൻ ഓഫീസർ.

Digitally signed by
Sajeendran G
Date: 25-07-2026
13:47:25